## കേരള സർക്കാർ

(സംഗ്രഹം)

പത്താം പഞ്ചവത്സര പദ്ധതി– തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണം ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള വികസന പരിപാടികൾ മാർഗ്ഗരേഖ ഭേദഗതി ചെയ്ത് – ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആസൂത്രണ സാമ്പത്തിക കാര്യ(എ) വകുപ്പ്

ജി. ഒ. (എം.എസ്) നമ്പർ 74/2004/പ്ലാനിംഗ് തിരുവനന്തപുരം 13/10/2004

---

പരാമർശം– 1. 29.3.2004–ലെ ജി.ഒ.(എം.എസ്) 36/2004/ പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

2. 28.7.2004–ലെ ജി.ഒ. (എം.എസ്) 60/2004/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

### ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2003–04–ലെ പദ്ധതി വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖക്ക് 2004–05 വാർഷിക പദ്ധതിയിലും പ്രാബല്യം നൽകി പരാമർശം രണ്ടു മുഖേന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖക്ക് ചില ഭേദഗതികൾ ആവശ്യമാണെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

2. കോർഡിനേഷൻ സമിതിയുടെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ച് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവു മുഖേന പുറപ്പെടുവിച്ച മാർഗ്ഗരേഖകയ്ക്ക് ചുവടെ കൊടുത്തിരിക്കുന്ന ഭേദഗതികൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(1) ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്ന വിഭാഗത്തിൽ കാഴ്ച്ചശക്തി ഇല്ലാത്തവർ, കേൾവിശക്തി ഇല്ലാത്തവർ, കുഷ്ഠരോഗ വിമുക്തർ, അസ്തിസംബന്ധമായ തകരാറുള്ളവർ മാനസിക വെല്ലുവിളികൾ നേരിടുന്നവർ, വളർച്ചാ സംബന്ധമായ മേഖലകളിൽ വെല്ലുവിളികൾ നേരിടുന്നവർ (ബുദ്ധിമാന്ദ്യം സംഭവിച്ചവർ, സെറിബ്രൽ പാൾസി, ഓട്ടിസം തുടങ്ങി വിവിധ തരത്തിലുള്ള വളർച്ചാ വെല്ലുവിളികൾ അനുഭവിക്കുന്നവർ), മാനസിക രോഗികൾ മുതലായവരെയാണ് ഉൾപ്പടുത്തേണ്ടത്. മാർഗ്ഗരേഖയുടെ ഖണ്ഡിക 1 ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

(2) മാർഗ്ഗരേഖയിലെ ഖണ്ഡിക 3.3(എ) പ്രകാരംശാരീരിക വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിവിധ സ്റ്റാൻഡേർഡുകളിൽ/കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധ ആവശ്യങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ, സാമ്പത്തിക

സഹായം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഒന്ന് മുതൽ നാലുവരെ സ്റ്റാൻഡേർഡുകളിൽ പഠിയ്ക്കുന്നവർക്ക് നൽകാവുന്ന ആനുകൂല്യങ്ങൾ നഴ്സറി ക്ലാസുകളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് കൂടി നൽകാവുന്നതാണ്. അതായത് വാർഷിക അലവൻസായി 250 രൂപയും വീട്ടിൽനിന്ന് പോയിവരുന്നവർക്ക് പ്രതിമാസ സ്കോളർഷിപ്പായി250 രൂപയും നഴ്സറി ക്ലാസുകളിൽ പഠിക്കുന്ന, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് കൂടി നൽകാവുന്നതാണ്.

(3) മാർഗ്ഗ രേഖയിലെ ഖണ്ഡിക3.3(സി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രതിമാസ സ്കോളർഷിപ്പായി 400 രൂപയും വാർഷിക ഡ്രസ്സ് അലവൻസായി 600 രൂപയും പഠനോപകരണങ്ങൾ വാങ്ങുന്നതിന് പ്രതിവർഷ അലവൻസായി 1000 രൂപയും നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ ആനുകൂല്യം വളർച്ചാ സംബനധമായ മേഖലകളിൽ (ബുദ്ധിമാന്ദ്യം സംഭവിച്ചവർ, സെറിബ്രൽ പാൾസി, ഓട്ടിസം എന്നീ അവസ്ഥകൾ നേരിടുന്നവർ)വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കു കൂടി നൽകാവുന്നതാണ്.

(4) ശാരീരികവും മാനസികവുമായ വെല്ലുവിളികളും വൾച്ചാ സംബന്ധമായ വെല്ലുവിളികളും (ബുദ്ധിമാന്ദ്യം സംഭവിച്ചവർ സെറിബ്രൽ പാൾസി, ഓട്ടിസം മുതലായവ) നേരിടുന്ന വിദ്യാർത്ഥികൾ ക്ക് വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേരിട്ടുള്ളനിയന്ത്രണത്തിൽ, സർക്കാർ അനുമതി യോടെ സ്പെഷ്യൽ സ്കൂൾ ആരംഭിക്കാവുന്നതാണ്. ഇപ്രകാരം സ്കൂൾ ആരംഭിക്കുകയാ ണെങ്കിൽഅതിന് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു ഭരണസമിതി ഉണ്ടായിരിക്കേണ്ടതും മാർഗ്ഗരേഖയിൽ നിർദ്ദശിച്ചിട്ടുള്ള ആനുകൂല്യങ്ങൾ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി കണക്കാക്കി പ്രസ്തുത ഭരണസമിതിയെ ഏൽപ്പിക്കാവുന്നതും, ഭരണസമിതി പ്രസ്തുത സ്കൂളിന്റെനടത്തിപ്പുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതുമാണ്.

(5) പരാമർശത്തിലെ സർക്കാർ ഉത്തരവുകൾ ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എസ്. എം. വിജയാനന്ദ്
ഗവൺമെന്റ് സെക്രട്ടറി (ആസൂത്രണം)

1. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യം
7. പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമവികസനം
8. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണം
9. ഗവൺമെന്റ് സെക്രട്ടറി, സാമൂഹ്യക്ഷേമം
10. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
11. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
12. പഞ്ചായത്ത് ഡയറക്ടർ
13. ഗ്രാമവികസന കമ്മീഷണർ
14. നഗരകാര്യ വകുപ്പ് ഡയറക്ടർ

15. ഡയറക്ടർ, സാമൂഹ്യക്ഷേമം
16. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്
17. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
18. എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും
19. എല്ലാ വകുപ്പ് തലവൻമാർക്കും
20. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
21. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
22. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം ഉപരിപത്രം സഹിതം)
25. അക്കൗണ്ടന്റ് ജനറൽ(എ.ഇ), കേരള, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
26. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്
27. സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ
28. ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ
29. സെക്രട്ടറി, കേരള ബ്ളോക്ക് പഞ്ചായത്ത് അസോസിയേഷൻ
30. സെക്രട്ടറി, മുനിസിപ്പൽ ചെയർപേഴ്ൺമാരുടെ ചേംബർ
31. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ

***പകർപ്പ്:***

1. മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്
2. തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. വ്യവസായ- സാമൂഹ്യക്ഷമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
6. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
7. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
8. തദ്ദേശസ്വയം ഭരണ വകുപ്പ്
9. ഗ്രാമവികസന വകുപ്പ്